ഗ്രാമ ന്യായാലയം, അമ്പലപ്പുഴ

ഹാജർ:- മിസ്സ്. അനു ടി തോമസ്, ന്യായാധികാരി

2023-മാണ്ട് ജനുവരി മാസം 16 -)ം തീയതി

**M.C. 03/2020 ലെ CMP 550/2022, C.M.P. 551/2022**
**എന്നിവയിലെ പൊതുവായ ഉത്തരവ്**

ഹർജിക്കാർ : 1. സ്നേഹ, 35 വയസ്സ്, W/o. അനിൽ കുമാർ, നാഗപറമ്പിൽ വീട്, തൈച്ചിറ മുറി ,പുറക്കാട് വില്ലേജ്, പുറക്കാട്, ആലപ്പുഴ.

2. ആദർശ്, 16 വയസ്സ്, S/o. അനിൽ കുമാർ (മൈനർ)

-do-

3. ആതിര, 12 വയസ്സ്, D/o. അനിൽ കുമാർ (മൈനർ)

-do-

(പ്രതിനിധീകരിക്കുന്നത്- അഡ്വ. കെ. ശ്രീകുമാർ)

എതുകക്ഷികൾ : 1. അനിൽ കുമാർ, 45 വയസ്സ്, S/o.കുഞ്ഞമ്മ, അജി ഭവൻ, വേമ്പനാട് കായൽ പി .ഒ, R-Block, കുട്ടമംഗലം വില്ലേജ്, ആലപ്പുഴ.

2. കുഞ്ഞമ്മ, 70 വയസ്സ്, അജി ഭവൻ, വേമ്പനാട് കായൽ പി .ഒ, R-Block, കുട്ടമംഗലം വില്ലേജ്, ആലപ്പുഴ.

(പ്രതിനിധീകരിക്കുന്നത്- അഡ്വ. ബി.റ്റിജുമോൻ)

ഹർജി 09.01.2023 ൽ വാദം കേട്ടതിൽ, ഈ കോടതി 16.01.2023 ൽ ദിവസം പുറപ്പെടുവിക്കുന്ന

**ഉത്തരവ്**

1. മേൽ ഹർജി 2005-ലെ ഗാർഹിക പീഡനത്തിൽ നിന്നുള്ള സ്ത്രീ സംരക്ഷണ നിയമപ്രകാരം ബോധിപ്പിച്ചിട്ടുള്ളതാണ്.

2. ഹർജി സംഗതികൾ ചുരുക്കത്തിൽ താഴെ പറയുന്ന വിധമാണ്.

17.10.2022 ന എം.സി. എതൃകക്ഷികൾക്കെതിരെ exparte ആയി പരിഗണിക്കാൻ കോടതി ഉത്തരവാക്കി. രണ്ടാം എതൃകക്ഷിയുടെ ചികിത്സാ സംബന്ധമായി പോയതിനാൽ എതൃകക്ഷികൾക്കു അന്ന് ഹാജരാകാൻ കഴിഞ്ഞില്ല. അവരുടെ വക്കീലിന് കാർ ബ്രേക്ക് ഡൌൺ ആയതു കൊണ്ടും ഹാജരാകാൻ കഴിഞ്ഞില്ല. എതൃകക്ഷികൾക്കു സാരമായ തർക്കങ്ങൾ ഉള്ളതാണ്. അവ കൂടി പരിഗണിക്കാൻ exparte ആയി കേസ് പരിഗണിക്കാനുള്ള ഉത്തരവ് അസ്ഥിരപ്പെടുത്തി നൽകേണ്ടതാണ്. ടി ഹർജി ബോധിപ്പിക്കാനുണ്ടായ 25 ദിവസത്തെ കാലതാമസം മാപ്പാക്കി തരേണ്ടതുമാണ്.

3. ഹർജിക്കു ആക്ഷേപം താഴെപറയും പ്രകാരം ബോധിപ്പിച്ചു

ഹർജി സംഗതികൾ നിഷേധിക്കുന്നു. അർഹമായ ജീവനാംശം ഹർജിക്കാരിക്ക് നൽകാതെ ഒഴിഞ്ഞു മാറാൻ എതൃകക്ഷികൾ ശ്രമിക്കുകയാണ്. എതൃകക്ഷികൾ നിരുത്തരവാദപരമായി പെരുമാറുന്നു. അതിനാൽ ഹർജി തള്ളി വിധിക്കണം.

4. ഇരുഭാഗവും വാദം കേട്ടു.

5. കോടതി പരിഗണിക്കേണ്ട വിഷങ്ങൾ സൂചനകളായി പറയുന്നു.

i) എതൃകക്ഷികൾക്കെതിരെ കേസ് exparte ആയി പരിഗണിക്കാൻ ഉള്ള ഉത്തരവ് അസ്ഥിരപ്പെടുത്തേണ്ടതുണ്ടോ ?

ii) ഹർജിക്കു ആസ്പദമായ കാലതാമസം മാപ്പാകാൻ തക്ക കാരണം കാണിച്ചിട്ടുണ്ടോ ?

6. സൂചന 1 - കേസിലെ വ്യവസ്ഥ അനുസരിച്ചു തന്നെ ഹരജിക്കാരിയെയും എതൃകക്ഷികളെയും സംബോധന ചെയ്യുന്നു. എതൃകക്ഷികൾ കോടതിയിൽ ഹാജർ ആകാതിരുന്നതിനെയും കേസിൽ ആക്ഷേപം ബോധിപ്പിക്കാതിരുന്നതിനെയും തുടർന്ന് ടിയാർക്കേതിരെ exparte ആയി ഈ കേസ് മുൻപോട്ടു പരിഗണിക്കാൻ കോടതി 17.10 . 2022 ന കോടതി ഉത്തരവ് ഇട്ടിരുന്നു.

7. തുടർന്ന് എതൃകക്ഷികൾ 12.12.2022 ൽ exparte ഉത്തരവ് അസ്ഥിരപ്പെടുത്താനും മറ്റും ഈ ഹർജികൾ ബോധിപ്പിച്ചു. എന്നാൽ നിലവിൽ ഇത് വരെ കേസിലേക്ക് ആക്ഷേപം ബോധിപ്പിച്ചിട്ടില്ല. 9.1.2023 ന ഈ ഹർജി വാദം കേൾക്കാൻ എടുക്കുമ്പോഴും എതൃകക്ഷികളെ പ്രതിനിധീകരിച്ചിട്ടില്ല, ആക്ഷേപവും ബോധിപ്പിച്ചിട്ടില്ല. രണ്ടാം എതൃകക്ഷിയുടെ ചികിത്സ ആവശ്യത്തിന് പോയതാണ് ഹാജരാകാതിരുന്നതിനു കാരണം പറയുന്നതെങ്കിലും അതെ സംബന്ധിച്ച രേഖകൾ ഒന്നും ഹാജരാക്കിയിട്ടില്ല. തന്നെയുമല്ല മുൻപും എതൃകക്ഷികൾ ഹാജരാകാതെ ഇരുന്നതിനു അവർക്കെതിരെ exparte ആയി കേസ് പരിഗണിക്കാൻ കോടതി ഉത്തരവ് ഇട്ടതാണ്. ഹർജി പ്രകാരം അത് അസ്ഥിരപ്പെടുത്തിയ ശേഷവും എന്നാൽ കൃത്യമായ ഹാജർ ഇല്ല. ആയതിനാൽ

എതൃകക്ഷികൾ കേസ് കൃത്യമായി പരിഗണിക്കുന്നില്ലെന്നു വ്യക്തമാണ്. ഈ സാഹചര്യത്തിൽ അവർക്കെതിരെയുള്ള ഇത്തരവ് അസ്ഥിരപ്പെടുത്താൻ തക്കതായ കാരണം ബോധിപ്പിച്ചിട്ടില്ല എന്നെ കരുതാൻ കഴിയു. അതിനാൽ ഈ സൂചന എതൃകക്ഷികൾക്കു എതിരായി തീരുമാനിച്ചിരിക്കുന്നു.

8. സൂചന 2 - എതൃകക്ഷികൾക്കു exparte ഉത്തരവ് അസ്ഥിരപ്പെടുത്തി ഇല്ലെന്നു മുകളിൽ കണ്ട സ്ഥിതിക്ക് അതിനായി ബോധിപ്പിച്ച ഹർജിയിൽ കാലതാമസം ഉണ്ടോ എന്നും അത് മാപ്പാക്കണോ എന്നും പരിശോധിക്കേണ്ട ആവശ്യം ഉന്നയിക്കുന്നില്ല.ഈ സൂചനയും എതൃകക്ഷികൾക്കു എതിരായി തീരുമാനിച്ചിരിക്കുന്നു.

9. മേൽ സൂചനകളിലെ തീരുമാനം കൊണ്ട് രണ്ടു ഹർജികളും തള്ളേണ്ടതാണെന്നു മനസിലാക്കാം.

തൽഫലമായി, മേൽ ഹർജികൾ തള്ളി ഉത്തരവായിരിക്കുന്നു.

*(ഇപ്രകാരം ടൈപ്പ് ചെയ്തു. വായിച്ചു നോക്കി, തെറ്റ് തിരുത്തി തുറന്ന കോടതിയിൽ 2023* ജനുവരി *മാസം* 16 *ന് വിധി പറഞ്ഞിട്ടുള്ളതാണ്.)*

ന്യായാധികാരി,

ഗ്രാമന്യായാലയ, അമ്പലപ്പുഴ.

**M.C.03/2020 ലെ C.M.P.550/2022, C.M.P551/2022 ലെ**

**ഉത്തരവ്**

**Dated : 16.01.2023**